പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3672 26.06.2012 -ലെ മറുപടി

## കുട്ടനാട്ടിലെ പുതിയ ബസ്സ് സർവ്വീസുകൾ

**ചോദ്യം**

ശ്രീ. തോമസ് ചാണ്ടി

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ബസ്സുകളുടെ അഭാവത്താലും സാമ്പത്തിക നഷ്ടത്താലും ആലപ്പുഴ, ചങ്ങനാശ്ശേരി, എടത്വാ ഡിപ്പോകളിൽ നിന്നും കുട്ടനാട്ടിലേക്കുള്ള ഏതെല്ലാം സർവ്വീസുകളാണ് റദ്ദ് ചെയ്തിരിക്കുന്നതെന്ന് പറയാമോ; | (എ) | 07:00 മണി എടത്വ - ആലപ്പുഴ, 07:20 ആലപ്പുഴ - വെളിയനാട് എന്നീ സർവ്വീസുകൾ താൽക്കാലികമായി റദ്ദ് ചെയ്തിട്ടുണ്ട്. |
| (ബി) | കുട്ടനാട്ടിലെ റൂട്ടുകൾ ദേശസാത്ക്കരിച്ചിരിക്കുന്നതിനാൽ റദ്ദ് ചെയ്ത ബസ്സുകൾ പുനരാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ താൽക്കാലികമായി റദ്ദ് ചെയ്ത സർവ്വീസുകൾ ഇപ്പോൾ പുനരാരംഭിക്കാൻ കഴിയില്ല. |
| (സി) | കുട്ടനാട്ടിലെ ഏതെല്ലാം പുതിയ സർവ്വീസുകൾക്കാണ് ഫീസിബിലിറ്റി ലഭ്യമായിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | രാമങ്കരിയിൽ നിന്നും കൈനകരിയിൽ നിന്നും വണ്ടാനം മെഡിക്കൽകോളേജിലേക്കുള്ള രണ്ട് സർവ്വീസിന്റെയും ചങ്ങനാശ്ശേരിയിൽ നിന്നും കായൽപ്പുറം പള്ളിയിലേക്കും ഊരുക്കരിയിലേക്കുമുള്ള രണ്ട് സർവ്വീസിന്റെയും ഫീസിബിലിറ്റി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ